കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/ALP/BP/706/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 04/07/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ), ആലപ്പുഴ
3) ഓഫീസ് കോപ്പി

നമ്പർ: KSA/ALP/BP/706/2022 തീയ്യതി: 04/07/2022

ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഹരികുമാർ ജി.	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	04-04-2022	13-04-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
04-04-2022	13-04-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സാബു പി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.ജയകൃഷ്ണ ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജാക്വിലിൻ പി.ഡബ്ലിയു., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ലക്ഷ്മീകാന്ത് പി., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ബിജുപാലത്തിങ്കൽ	പ്രസിഡന്റ്	01-04-2020	11-11-2020
അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി(സെക്രട്ടറി, എ.എക്സ്.ഇ, എ.ഡി.എ))	പ്രസിഡന്റ്	12-11-2020	19-12-2020
ശ്രീമതി. ജിൻസി ജോളി	പ്രസിഡന്റ്	20-12-2020	31-03-2021
ശ്രീമതി. മഞ്ജു.എം	സെക്രട്ടറി	01-04-2020	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
രമാദേവി	അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ	01-04-2020	27-05-2020
അജു ജോൺ മത്തായി	അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ	28-05-2020	31-03-2021
ഷക്കീല	സി.ഡി.പി.ഒ	01-04-2020	31-03-2021
ഡോ.സിനി.സി.ജോസഫ്	എം.ഒ, സി.എച്ച്.സി, എടത്വാ	01-04-2020	31-03-2021
ഡോ.സിന്ധു ശ്രീധരൻ	എം.ഒ, സി.എച്ച്.സി, ചെമ്പുംപുറം	01-04-2020	31-03-2021
ഡോ.ആദർശ്.കെ	എം.ഒ, സി.എച്ച്.സി, ചമ്പക്കുളം	01-04-2020	31-03-2021
അരുൺരാജ്.എം	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ	01-04-2020	16-08-2020
ചിത്ര.ജെ	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ	17-08-2020	10-11-2020
അരുൺരാജ്.എം	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ	11-11-2020	17-01-2021
ശശികല	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ	18-01-2021	31-03-2021
മഞ്ജു.വി	അസി.എക്സി.എഞ്ചിനീയർ	01-04-2020	31-03-2021
ശരവണൻ.എൽ.ആർ	അസി.എഞ്ചിനീയർ	01-04-2020	08-01-2021
ദിലീഷ്	അസി.എഞ്ചിനീയർ	09-01-2021	31-03-2021
ലിനി.എം	പട്ടിക ജാതി വികസന	01-04-2020	28-09-2020

	ഓഫീസർ		
സുജ.കെ	പട്ടിക ജാതി വികസന ഓഫീസർ	29-09-2020	31-03-2021
ഹർഷ.വി	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2020	31-03-2021
മൊഹ്സിൻ കോയ	സീനി. വെറ്ററിനറി സർജൻ	01-04-2020	09-09-2020
വിശ്വം ചക്രപാണി	സീനി. വെറ്ററിനറി സർജൻ	10-09-2020	31-03-2021

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ് Written By: Jayakrishna R (Asst. Audit Officer, On 08-04-2022) Last Updated By: S.Suresh (Audit Officer (HG), On 10-06-2022)	1-1
2	വാർഷിക ധനകാര്യപത്രിക Written By: Jayakrishna R (Asst. Audit Officer, On 08-04-2022) Last Updated By: S.Suresh (Audit Officer (HG), On 10-06-2022)	1-2
3	വാർഷിക കണക്ക് പരിശോധനാവിവരം Written By: Jayakrishna R (Asst. Audit Officer, On 11-04-2022) Last Updated By: S.Suresh (Audit Officer (HG), On 10-06-2022)	1-2-1
4	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) Written By: Jayakrishna R (Asst. Audit Officer, On 08-04-2022) Last Updated By: S.Suresh (Audit Officer (HG), On 10-06-2022)	1-3
5	ഫണ്ട് വിനിയോഗം (ACR പ്രകാരം) Written By: Jayakrishna R (Asst. Audit Officer, On 08-04-2022) Last Updated By: S.Suresh (Audit Officer (HG), On 10-06-2022)	1-4
6	പദ്ധതി അവലോകനം Written By: Jayakrishna R (Asst. Audit Officer, On 08-04-2022) Last Updated By: S.Suresh (Audit Officer (HG), On 10-06-2022)	1-5
7	തൊഴിലുറപ്പ് പദ്ധതി Written By: Jayakrishna R (Asst. Audit Officer, On 08-04-2022) Last Updated By: S.Suresh (Audit Officer (HG), On 10-06-2022)	1-6
8	ക്ഷേമ പദ്ധതികൾ Written By: Jayakrishna R (Asst. Audit Officer, On 08-04-2022) Last Updated By: S.Suresh (Audit Officer (HG), On 10-06-2022)	1-7
9	ക്യാഷ് പരിശോധന Written By: Jayakrishna R (Asst. Audit Officer, On 08-04-2022) Last Updated By: S.Suresh (Audit Officer (HG), On 10-06-2022)	1-8
10	ആഭ്യന്തര നിയന്ത്രണം Written By: P.Sabu (Audit Officer (HG), On 12-04-2022) Last Updated By: Lakshmikanth P (Auditor, On 02-07-2022)	1-9
11	വാഹനങ്ങളുടെ പരിപാലനം-രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല Written By: Lakshmikanth P (Auditor, On 13-04-2022) Last Updated By: S.Suresh (Audit Officer (HG), On 10-06-2022)	1-10
12	പ്രോജക്ട് ഫോർമുലേഷൻ-പത്രപരസ്യങ്ങൾക്ക് ഡിസ്കൌണ്ട് ലഭിച്ചില്ല, 5755/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല Written By: Jayakrishna R (Asst. Audit Officer, On 11-04-2022) Last Updated By: Jayakrishna R (Asst. Audit Officer, On 01-07-2022)	1-11
13	തനത് ഫണ്ട് വൌച്ചർ പരിശോധനഃ പത്രപരസ്യം -ഡിസ്കൗണ്ട് ലഭ്യമായില്ല 9,345/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല Written By: Lakshmikanth P (Auditor, On 13-04-2022) Last Updated By: S.Suresh (Audit Officer (HG), On 10-06-2022)	1-11-1
14	ഐ.എ.വൈ അക്കൌണ്ടിൽ നീക്കിയിരിപ്പ് 18 ലക്ഷത്തിലധികം രൂപ-തുക വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കണം Written By: Jayakrishna R (Asst. Audit Officer, On 11-04-2022) Last Updated By: S.Suresh (Audit Officer (HG), On 10-06-2022)	1-12
15	സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ടുകൾ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല 4,82,785/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു Written By: Jayakrishna R (Asst. Audit Officer, On 11-04-2022) Last Updated By: S.Suresh (Audit Officer (HG), On 10-06-2022)	1-13

16	വിവിധ സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീനും ഇൻസിനറേറ്ററും 5,38,884/-രൂപയുടെ ചെലവ് തടസ്സം Written By: Jayakrishna R (Asst. Audit Officer, On 11-04-2022) Last Updated By: Sajitha Das (Audit Officer (HG), On 01-07-2022)	1-14
17	എസ്.സി.കോളനികളിൽ സോളാർ സ്ട്രീറ്റ്ലൈറ്റ് വിവിധ അപാകതകൾ 6,60,000/-രൂപയുടെ ചെലവ് തടസ്സം Written By: Jayakrishna R (Asst. Audit Officer, On 11-04-2022) Last Updated By: Sajitha Das (Audit Officer (HG), On 01-07-2022)	1-15
18	ഹരിതം സുഫലം ഫലവൃക്ഷതൈ നഴ്സറി- 75,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു Written By: Jayakrishna R (Asst. Audit Officer, On 11-04-2022) Last Updated By: Sajitha Das (Audit Officer (HG), On 01-07-2022)	1-16
19	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -നിർമ്മാണം പൂർത്തീകരിച്ചില്ല ,1,70,000 /- രൂപ തടസ്സം Written By: Jaquiline P.W (Senior Grade Auditor, On 12-04-2022) Last Updated By: S.Suresh (Audit Officer (HG), On 10-06-2022)	1-17
20	ഭിന്നശേഷിക്കാർക്ക് മുചക്രവാഹനം വിതരണം അപാകതകൾ 971964/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു Written By: Jaquiline P.W (Senior Grade Auditor, On 12-04-2022) Last Updated By: Sajitha Das (Audit Officer (HG), On 01-07-2022)	1-18
21	പട്ടികജാതി വിദ്യർത്ഥികൾക്ക് പഠനാവശ്യത്തിനായി ടിവി, ലാപ്ടോപ്പ് വാങ്ങൽ അപാകതകൾ Written By: Jaquiline P.W (Senior Grade Auditor, On 12-04-2022) Last Updated By: Sajitha Das (Audit Officer (HG), On 01-07-2022)	1-19
22	നിശ്ചിത തീയതിക്കകം കരാർ വെയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല-അധികം നൽകിയത്-8,310/- രൂപ Written By: P.Sabu (Audit Officer (HG), On 12-04-2022) Last Updated By: Lakshmikanth P (Auditor, On 02-07-2022)	1-20
23	നിലവിൽ പെട്ടിയും പറയും ഉള്ള പാടശ്ശേഖരത്തിന് പെട്ടി വാങ്ങി നൽകി 2,85,045 /- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു Written By: Jaquiline P.W (Senior Grade Auditor, On 12-04-2022) Last Updated By: Sajitha Das (Audit Officer (HG), On 01-07-2022)	1-21
24	എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം വാടകയ്ക്ക് എടുക്കൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല-3,69,365/- രൂപ തടസ്സപ്പെടുത്തുന്നു Written By: P.Sabu (Audit Officer (HG), On 12-04-2022) Last Updated By: S.Suresh (Audit Officer (HG), On 10-06-2022)	1-22
25	ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് തിരികെ ഒടുക്കുന്നത് സംബന്ധിച്ച്- Written By: P.Sabu (Audit Officer (HG), On 12-04-2022) Last Updated By: S.Suresh (Audit Officer (HG), On 10-06-2022)	1-23
26	കോവിഡ് പ്രതിരോധം - അവലോകനം- Written By: Jayakrishna R (Asst. Audit Officer, On 13-04-2022) Last Updated By: S.Suresh (Audit Officer (HG), On 10-06-2022)	1-24
	ഭാഗം **2**	
1	വരവിനങ്ങളിലെ നിരീക്ഷണങ്ങൾ- Written By: P.Sabu (Audit Officer (HG), On 13-04-2022) Last Updated By: P.Sabu (Audit Officer (HG), On 13-04-2022)	2
	ഭാഗം **3**	
1	നിശ്ചിത തീയതിക്കകം കരാർ വെയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല-അധികം നൽകിയത്-8,310/- രൂപ	3-1

	Written By: P.Sabu (Audit Officer (HG), On 13-04-2022) Last Updated By: S.Suresh (Audit Officer (HG), On 10-06-2022)	
2	പ്രോജക്ട് ഫോർമുലേഷൻ-പത്രപരസ്യങ്ങൾക്ക് ഡിസ്കൗണ്ട് ലഭിച്ചില്ല, 5,755/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല Written By: Jayakrishna R (Asst. Audit Officer, On 16-04-2022) Last Updated By: Sajitha Das (Audit Officer (HG), On 01-07-2022)	3-2-1
3	തനത് ഫണ്ട് വൌച്ചർ പരിശോധനഃ പത്രപരസ്യം -ഡിസ്കൗണ്ട് ലഭ്യമായില്ല 9,345/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല Written By: Jayakrishna R (Asst. Audit Officer, On 16-04-2022) Last Updated By: Lakshmikanth P (Auditor, On 02-07-2022)	3-2-2
	ഭാഗം **4**	
1	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം Written By: Jayakrishna R (Asst. Audit Officer, On 08-04-2022) Last Updated By: S.Suresh (Audit Officer (HG), On 10-06-2022)	4-1
2	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ Written By: Jayakrishna R (Asst. Audit Officer, On 08-04-2022) Last Updated By: Jayakrishna R (Asst. Audit Officer, On 08-04-2022)	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് Written By: Jayakrishna R (Asst. Audit Officer, On 08-04-2022) Last Updated By: Jayakrishna R (Asst. Audit Officer, On 08-04-2022)	4-3
4	വായ്പ / വായ്പ തിരിച്ചടവ് Written By: Jayakrishna R (Asst. Audit Officer, On 08-04-2022) Last Updated By: Jayakrishna R (Asst. Audit Officer, On 08-04-2022)	4-4
5	സ്ഥിരനിക്ഷേപങ്ങൾ Written By: Jayakrishna R (Asst. Audit Officer, On 08-04-2022) Last Updated By: Jayakrishna R (Asst. Audit Officer, On 08-04-2022)	4-5
6	ഓഡിറ്റ് റിക്കവറി Written By: Jayakrishna R (Asst. Audit Officer, On 08-04-2022) Last Updated By: P.Sabu (Audit Officer (HG), On 12-04-2022)	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം Written By: Jayakrishna R (Asst. Audit Officer, On 08-04-2022) Last Updated By: Jayakrishna R (Asst. Audit Officer, On 08-04-2022)	4-7
8	ചാർജ് /സർചാർജ് നടപടികളുടെ വിവരം Written By: Jayakrishna R (Asst. Audit Officer, On 08-04-2022) Last Updated By: Jayakrishna R (Asst. Audit Officer, On 08-04-2022)	4-8
9	ഓഡിറ്റ് പ്രത്യവലോകനം Written By: Jayakrishna R (Asst. Audit Officer, On 08-04-2022) Last Updated By: Jayakrishna R (Asst. Audit Officer, On 01-07-2022)	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ Written By: Jayakrishna R (Asst. Audit Officer, On 08-04-2022) Last Updated By: S.Suresh (Audit Officer (HG), On 10-06-2022)	4-10
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

ബജറ്റ് -അംഗീകരിച്ച തീരുമാനം നമ്പർ 1(1)/ തീയതി 11.03.2020

	വരവ്	ചെലവ്
ബജറ്റ് പ്രകാരം	6,41,22,915	6,16,93,100
വാർഷിക കണക്ക് (ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം	4,88,77,146	3,36,91,887

വസ്തുനിഷ്ഠമല്ലാതെ ബജറ്റ് തയ്യാറാക്കിയിട്ടുള്ളതിനാൽ ബജറ്റു പ്രകാരം കണക്കാക്കിയിരുന്ന വരവുചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ അന്തരം ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിലെ വരവുചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവ്ചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക

വാർഷിക ധനകാര്യപത്രിക സമയ പരിധിയ്ക്കുള്ളിൽ ഓൺലൈനായി സമർപ്പിച്ചിട്ടുണ്ട് (14.07.21ൽ).

1-2-1 വാർഷിക കണക്ക് പരിശോധനാവിവരം

വാർഷിക കണക്കിൽ കാണപ്പെടുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) ബി4 ഷെഡ്യൂളിൽ ചുവടെ ചേർക്കുന്ന തുകകൾ മുൻവർഷത്തെ നീക്കിയിരിപ്പ് തന്നെ ബാധ്യത തുടരുന്നതായി കാണുന്നു.

Particulars	Current Year Amount
Centrally Sponsored Scheme-sgsy	2,000
Fund For Transferred Institutions-Animal Husbandry Capital	43,00,000
Literacy Scheme Grant	1,18,148
Grants, Funds&contributions For Specific Purposes-other Government Agencies	2,67,290
Grants, Funds&contributions For Specific Purposes-other Financial Institutions	3,56,533

ടി തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

2) ബി9 ഷെഡ്യൂൾ പ്രകാരം ചുവടെ ചേർക്കുന്ന ഇനങ്ങളിൽ മുൻവർഷത്തെ നീക്കിയിരിപ്പ് തന്നെ തൻവർഷവും ബാധ്യത തുടരുന്നു. വിശദാംശം ലഭ്യമാക്കേണ്ടതുണ്ട്.

Particulars	Current Year Amount
Liability In Respect Of Stale Cheques	39,879
Other Creditors	1,19,536

3) ബി11 ഷെഡ്യൂളിലെ വിവരങ്ങൾ പരിശോധിക്കാൻ ആവശ്യമായ ആസ്തി രജിസ്റ്റർ/രേഖകൾ സൂക്ഷിക്കപ്പെടുന്നില്ല. നിലവിൽ സചിത്ര സോഫ്റ്റ്വെയറിൽ ഫോം 3 പ്രകാരം സൂക്ഷിക്കുന്ന ആസ്തി രജിസ്റ്റർ വാല്യൂ ബേസ്ഡ് അല്ല. ടി വിഷയം പരിഹരിക്കപ്പെടേണ്ടതാണ്.

4) RP-32 പ്രകാരമുള്ള ലോൺവിവരങ്ങൾ കാണിക്കുന്ന ലോൺരജിസ്റ്റർ, രേഖകൾ ലഭ്യമാക്കിയിട്ടില്ല.

5) Treasury Joint Venture Stsb883 എന്ന അക്കൌണ്ടിൽ 1,06,732/-രൂപ തന്നെയാണ് വർഷങ്ങളായി നീക്കിയിരിപ്പ് കാണുന്നത്. ആയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

6) വാർഷിക കണക്കിൽ കാണിച്ചിട്ടുള്ള ഡെപ്പോസിറ്റ് (ബി7), അഡ്വാൻസ് (ബി18) വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ/രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല.

7) ബി11 ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള ആസ്തി വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്റർ/രേഖകൾ ലഭ്യമാക്കിയിട്ടില്ല.

8) Federal Bank IAY/DP/BP/GP Share എന്ന അക്കൌണ്ടിൽ RP40(b)പ്രകാരം 2020-21വർഷം, 18,55,363/-രൂപ നീക്കിയിരിപ്പായി കാണുന്നു. ടി അക്കൌണ്ടിലെ നീക്കിയിരിപ്പിന്റെ വിനിയോഗം സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കേണ്ടതാണ്.

9) ബ്ലോക്ക് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 8.3.21ലെ തീരുമാനം 18പ്രകാരം എസ്.ബി.ഐ തെക്കേക്കര ശാഖയിലുള്ള Natural Resource Management Society-യുടെ Sb Account No.39117210612-ൽ ഉള്ള ബാലൻസ് തുക (52ലക്ഷം+പലിശ)ഫെഡറൽ ബാങ്ക് ചമ്പക്കുളം ശാഖയിലേക്ക് മാറ്റുന്നതിന് ജനറൽ കമ്മറ്റിയോട് ശുപാർശ ചെയ്ത് തീരുമാനിച്ച് കാണുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഇപ്രകാരമൊരു അക്കൌണ്ട് 2020-21ൽ നീക്കിയിരിപ്പുള്ളതായി കാണുന്നില്ല. ടി അക്കൌണ്ടിന്റെ വിശദാംശങ്ങൾ, തീരുമാനം നടപ്പാക്കിയ പക്ഷം ആയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കുകയുണ്ടായില്ല.

10) കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ, 2011- വ്യവസ്ഥ ചെയ്തിട്ടുള്ള പലതും വാർഷികകണക്കിൽ നിലവിൽ ഉൾപ്പെടുന്നില്ല. ഉദാഹരണമായി, അടിസ്ഥാന അനുപാതങ്ങൾ, മുൻവർഷത്തിലെ താരതമ്യ തുകകൾ(Previous Year Amount), എന്നിവ വാർഷിക കണക്കിനൊപ്പം ഉൾക്കൊള്ളിച്ചിട്ടില്ല. ഇൻകം&എക്സ്പെൻഡിച്ചർ പത്രികയിൽ മുൻവർഷ തുകയ്ക്കായി കോളം നല്കിയിട്ടുണ്ടങ്കിലും രേഖപ്പെടുത്തൽ ഇല്ല. രസീത്& പേമെന്റ് പത്രികയിൽ മുൻവർഷ തുകയ്ക്കായി കോളം പോലും നല്കപ്പെട്ടിട്ടുമില്ല. വാർഷിക കണക്കിൽ പൊതുവായി കാണപ്പെടുന്ന ടി അപാകതകൾ പരിഹരിക്കപ്പെടേണ്ടതുണ്ട്. (ഓഡിറ്റ് എൻക്വയറി നം. 1/4.4.22& 25/12.4.22)

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	1,47,36,058
വരവ്	5,02,81,605
ആകെ	6,50,17,663
ചെലവ്	5,41,12,933
നീക്കിയിരിപ്പ്	1,09,04,730

1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

ഫണ്ടിനം	മുൻബാക്കി	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ലാപ്സായ തുക
വികസനഫണ്ട് (ജനറൽ)		2,63,69,220	2,63,69,220	2,56,02,425	7,66,795
വികസനഫണ്ട് (എസ്.സി.പി)		87,75,000	87,75,000	76,20,243	11,54,757
മെയിന്റനൻസ് ഫണ്ട് (നോൺറോഡ്)		45,99,008	45,99,008	30,66,690	15,32,318

1-5 പദ്ധതി അവലോകനം

വർഷം	അംഗീകാരം ലഭിച്ചത്(എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് എണ്ണം	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് എണ്ണം	നടപ്പാക്കാത്തവ എണ്ണം	പൂർത്തീകരിച്ച പ്രോജക്ടുകളുടെ %
2020-21	104	4,98,09,228	90	4,46,36,418	4	10	95

1-6 തൊഴിലുറപ്പ് പദ്ധതി

വാർഷിക കണക്കിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവുകൾ ഉൾപ്പെട്ടിട്ടില്ല.

1-7 ക്ഷേമ പദ്ധതികൾ

ഇല്ല

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.04.2022-ന് 12.30pm-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് ഇല്ല എന്ന് കണ്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) നടപ്പിലാക്കിയ പദ്ധതികളുടെ വിജയകരമായ പൂർത്തീകരണം സംബന്ധിച്ച് വിശദമായ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട ഫയലുകളിൽ സൂക്ഷിക്കുന്നില്ല. കംപ്ലീഷൻ സർട്ടിഫിക്കറ്റും തയ്യാറാക്കി ഫയലിൽ സൂക്ഷിക്കുന്നില്ല.

2) തുടർ പ്രവർത്തനങ്ങളുടെ അഭാവം മൂലം ലക്ഷങ്ങൾ ചെലവഴിച്ച് നടപ്പിലാക്കിയ പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നില്ല. ഉദാ.സ്കൂളുകളിലും ഓഫീസുകളിലും ഇൻസിനേറ്ററുകൾ സ്ഥാപിക്കൽ എന്ന പദ്ധതി.

3) ബ്ലോക്ക് പഞ്ചായത്തിലേക്ക് വാങ്ങിയിട്ടുള്ള കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും അവയുടെ സ്പെസിഫിക്കേഷൻ, വാറണ്ടി പീരിയഡ് തുടങ്ങിയവയൊന്നും തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

4) 1994 ലെ കേരള പഞ്ചായത്ത് നിയമത്തിലെ 172(1) -ാം വകുപ്പ് പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകൾ നിർവചിച്ചിട്ടുള്ള 4-ാം പട്ടികയിൽ ഉൾപ്പെടാത്തവയ്ക്ക് വേണ്ടിയും തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്. (ഖണ്ഡിക 1-കാണുക)

5) വാഹനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട് എഴുതി സൂക്ഷിക്കേണ്ടുന്ന റിപ്പയർ രജിസ്റ്റർ, ഫ്യൂവൽ രജിസ്റ്റർ തുടങ്ങിയവ എഴുതി സൂക്ഷിച്ചിട്ടില്ല.

6) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പല തീയതികളിലെ മിനിറ്റ്സും അദ്ധ്യക്ഷൻ ഒപ്പുവെച്ച് ക്ലോസ് ചെയ്തിട്ടില്ല.

7) ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ടെങ്കിലും, പല വിവരങ്ങളും അപൂർണ്ണമാണ്. 2020-21 വർഷം നിർമ്മിച്ചിട്ടുള്ള പല റോഡുകളുടെയും, ചുറ്റുമതിലുകളുടെയും വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

1-10 വാഹനങ്ങളുടെ പരിപാലനം-രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-66A5246 നമ്പർ വാഹനത്തിന്റെ രജിസ്റ്ററുകൾ പരിശോധിച്ചതിൽ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതു സംബന്ധിച്ച ധനവകുപ്പിന്റെ സർക്കുലർ നം.41/2008/ധനം 02.08.2008 -ലെ നിർദ്ദേശങ്ങൾ പലതും പാലിച്ചിട്ടില്ല. വാഹനത്തെ സംബന്ധിച്ച് എഴുതി സൂക്ഷിച്ചിരിക്കേണ്ടതായ ഫ്യൂവൽ രജിസ്റ്റർ, റിപ്പയേഴ്സ് &മെയിന്റനൻസ് രജിസ്റ്റർ എന്നിവ 2020-21 വർഷത്തിൽ എഴുതി സൂക്ഷിച്ചിട്ടില്ല. ഇന്ധന ഉപഭോഗത്തിന്റെ കൃത്യത ഉറപ്പാക്കാൻ കസ്റ്റോഡിയൻ ഓഫീസറുടെയോ, ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ സാന്നിധ്യത്തിൽ ഫുൾടാങ്ക് ഇന്ധനം നിറയ്ക്കേണ്ടതാണ്, ആയത് പാലിക്കപ്പെടുന്നില്ല. ഹാജരാക്കിയ ലോഗ് ബുക്കിലെ ഇന്ധനക്ഷമതാ സർട്ടിഫിക്കറ്റിൽ കാലാവധി ഒരു വർഷമെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്, എന്നാൽ 30.06.2007 ലെ സ.ഉ(എംഎസ്)നം:170/07/തസ്വഭവ ഉത്തരവ് പ്രകാരം ആറ് മാസത്തിൽ ഒരിക്കൽ വാഹനത്തിന്റെ ഇന്ധനക്ഷമതാ ടെസ്റ്റ് നടത്തേണ്ടതും, സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. വാഹനത്തെ സംബന്ധിച്ച രജിസ്റ്ററുകൾ സർക്കാർ മാർഗ്ഗനിർദ്ദേശാനുസരണം എഴുതി സൂക്ഷിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം:13/തീയതി 06.04.2022) മറുപടി ലഭ്യമാക്കിയില്ല. വാഹനങ്ങളുടെ പരിപാലനം സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രം നടത്തേണ്ടതാണ്.

1-11 പ്രോജക്ട് ഫോർമുലേഷൻ-പത്രപരസ്യങ്ങൾക്ക് ഡിസ്കൗണ്ട് ലഭിച്ചില്ല, 5755/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല

2020-21ൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ പ്രോജ.നം.01/21, പ്രോജക്ട് ഫോർമുലേഷൻ എന്ന പ്രോജക്ടിൽ വികസന ജനറൽ ഫണ്ടിൽ നിന്ന് ആകെ 98,768/-രൂപ ചെലവായിട്ടുണ്ട്. ടി പ്രോജക്ടിൽ വന്നിട്ടുള്ള പത്രപരസ്യ ചെലവുകൾക്ക് ഇൻഫർമേഷൻ& പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ജി.ഒ(പി)17/15/ഐ&പി.ആർ.ഡി/8.12.15, ഖണ്ഡിക 3& ജി.ഒ(പി)2/20/ഐ&പി.ആർ.ഡി/10.12.20 ഉത്തരവ് ഖണ്ഡിക51 എന്നിവ പ്രകാരം ലഭ്യമാകേണ്ടിയിരുന്ന 15%ട്രേഡ് ഡിസ്കൗണ്ട് കുറച്ചിട്ടില്ലെന്ന് കാണുന്നു.

1) ബിൽ റഫ.നം.20060463015800456947/21.8.20പ്രകാരം പിൻവലിച്ച 39,116/-രൂപയിൽ 19,116/-രൂപ കേരള കൌമുദി ദിനപത്രത്തിന് പരസ്യചാർജ്ജ് ഇനത്തിൽ നല്കിയിട്ടുള്ളതാണ്. 4,779/-രൂപയുടെ വീതമുള്ള 4 ബില്ലുകൾ(ഇവയിൽ ബിൽ നമ്പരുകൾ വ്യക്തതയില്ല, 17.3.20, 5.5.20, 30.5.20, 17.6.20തീയതികളിലെയാണ് ബില്ലുകൾ) പ്രകാരമാണ് തുക നല്കിയിട്ടുള്ളത്. ഡിസ്കൌണ്ട് ഇല്ലാതെ വന്നതിനാൽ 2,867.4/-രൂപയാണ് അധികച്ചെലവ് വന്നത്.

2) ബിൽ റഫ.നം.20060463015801439072/30.3.21പ്രകാരം പിൻവലിച്ച 19,252/-രൂപയും കേരള കൌമുദി ദിനപത്രത്തിന് പരസ്യചാർജ്ജ് നല്കി. 4,813/-രൂപ വീതമുള്ള 4ബില്ലുകൾ(5.8.20, 9.9.20, 4.8.20, 5.9.20

തീയതികളിൽ)പ്രകാരമുള്ള തുകയാണ് ഇത്. ഡിസ്കൌണ്ട് ഇല്ലാതെ വന്നതിനാൽ 2,887.8/-രൂപയാണ് അധികച്ചെലവ് വന്നത്. അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക അടുത്ത ബില്ലിൽ ക്രമീകരിക്കാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

1-11-1 തനത് ഫണ്ട് വൌച്ചർ പരിശോധനഃ പത്രപരസ്യം -ഡിസ്കൗണ്ട് ലഭ്യമായില്ല 9,345/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല

തനത് ഫണ്ട് വൌച്ചറുകൾ പരിശോധിച്ചതിൽ 2020-21 ഇൽ വിവിധ തിയ്യതികളിൽ ടെണ്ടർ/ദർഘാസ് പരസ്യം കേരളകൗമുദി ദിനപത്രത്തിൽ നൽകിയതിന് ചുവടെ ചേർക്കുന്ന വൗച്ചറുകൾ പ്രകാരം 62,297/- രൂപ നൽകിയിട്ടുണ്ട്.

വൗച്ചർ നമ്പർ	ചെക്ക് നം. / തീയതി	ബിൽ നമ്പർ	തുക
31/20	2472912 / 25.06.2020	BLALP00068576 /17.03.20	4,779
		BLALP00068573/20-05-20	4,779
		BLALP00068491/ 05.05.2020	4,779
44/20	2472925 / 10.07.2020	BLALP00068766/12.06.20	4,779
		BLALP00068790/17.06.20	4,779
		ALPSCH069097/19.06.20	4,779
		BLALP00068877/27.06.20	4,813
		BLALP00068671/30.05.20	4,779
119/20	1378744/ 15.02.2021	BLALP00068997/ 11.07.2020	4,813
		BLALP00069892/ 29.10.2020	4,813
		BLALP00069016/ 17.07.2020	4,813
		BLALP00069713/ 06.10.2020	4,813
		ആകെ	62,297/-

കേരളകൗമുദി ദിനപത്രത്തിൽ നിന്നും ലഭ്യമാക്കിയ ബില്ലുകൾ പരിശോധിച്ചതിൽ 15% ട്രേഡ് ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ലെന്നു കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 19/08.04.2022) മറുപടി ലഭ്യമാക്കിയില്ല. 62,297/-രൂപയുടെ ചെലവിന്മേൽ ഡിസ്കൌണ്ട് ലഭ്യമാകാതെ വന്ന 9,345/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. തുക തുടർബില്ലുകളിൽ ക്രമീകരിക്കാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

1-12 ഐ.എ.വൈ അക്കൌണ്ടിൽ നീക്കിയിരിപ്പ് 18 ലക്ഷത്തിലധികം രൂപ- തുക

വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കണം

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ, Federal Bank IAY/DP/BP/GP Share എന്ന അക്കൌണ്ടിൽ RP40(b)പ്രകാരം 2020-21 വർഷം, 18,55,363/-രൂപ നീക്കിയിരിപ്പുണ്ടെന്ന് കാണുന്നു. ഐ.എ.വൈ ഷെയർ ലഭിച്ച തുകകളുടെ നീക്കിയിരിപ്പ്, പലിശ സഹിതം വന്നിട്ടുള്ളതാണ് ഈ അക്കൌണ്ട് എന്ന് വാക്കാൽ വിശദീകരിക്കപ്പെട്ടു (വിശദാംശം ഓഡിറ്റ് എൻക്വയറി നം.1/20-21 പ്രകാരം ആവശ്യപ്പെട്ടതിന് രേഖാമൂലം മറുപടി നല്കിയിട്ടില്ല). നിലവിലില്ലാത്ത പ്രോജക്ടിൽ വൻതുക ഇപ്രകാരം ഇടപാടുകൾ ഇല്ലാതെ അക്കൌണ്ടിൽ തുടരുന്ന സാഹചര്യത്തിൽ, ആയത് നിലവിലുള്ള പി.എം.എ.വൈ/ഗൃഹനിർമ്മാണ പ്രോജക്ടുകളിലെ ഗുണഭോക്താക്കൾക്ക് ഉപകരിക്കും വിധം നടപടികൾ സ്വീകരിക്കാവുന്നതാണ്. (ആയതിലേക്ക് ബാധകമായ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടേണ്ടതുണ്ട്) ടി അക്കൌണ്ടിലെ നീക്കിയിരിപ്പിന്റെ വിനിയോഗം സംബന്ധിച്ച് നിലവിൽ സർക്കാർ നിർദ്ദേശങ്ങൾ ഇല്ലാത്തപക്ഷം, വിഷയം സർക്കാരിന്റെ/ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ടുകൾ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല 4,82,785/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായി കാണുന്നില്ല.

എ) അഗതി രഹിത കേരളം ബ്ലോക്ക് വിഹിതം(നം.008/21)

പ്രോജക്ടിൽ 2020-21 വർഷം 50,000/-രൂപ വികസന ജനറൽ ഫണ്ടിൽ നിന്ന് പിൻവലിച്ച് ചമ്പക്കുളം ഗ്രാമപഞ്ചായത്തിന് നല്കിക്കാണുന്നു.(ബിൽ റഫ.നം.20060463015800529985/17.9.20)
(ഓഡിറ്റ് എൻക്വയറി നം.15/7.4.22)

ബി) പാലിയേറ്റീവ് കെയർ ബ്ലോക്ക് വിഹിതം (പ്രോജ.നം.7/21)

പ്രോജക്ടിൽ വികസന(ജനറൽ)ഫണ്ടിൽ നിന്ന് 4,32,785/-രൂപ ചെലവായിട്ടുള്ളതായി സുലേഖ ചെലവ് പത്രിക പ്രകാരം കാണുന്നു. എന്നാൽ പ്രോജക്ട് ഫയൽ ഹാജരാക്കിയത് 1,40,400/-രൂപയുടേത് മാത്രമാണ്. ടി തുക,

ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്
ബിൽ റഫ.നം.20060463015800530580/17.9.2020 പ്രകാരം 1,00,000/-രൂപ നല്കിയതും

എടത്വ ഗ്രാമപഞ്ചായത്തിന്
ബിൽ റഫ.നം.20060463015801442801/30.3.2020 പ്രകാരം 40,400/- രൂപ നല്കിയതുമായാണ് ഫയലിൽ കാണുന്നത്. ഇവയുടെ വിനിയോഗ സാക്ഷ്യപത്രമോ കൈപ്പറ്റ് വിവരമോ ഇല്ല. കൂടാതെ, ഓഡിറ്റ് അന്വേഷണം നല്കിയിട്ടും സുലേഖ ചെലവ് പത്രികയുമായുള്ള വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല, 2,92,385/- രൂപ(432785- 140400)യുടെ ബില്ലുകളാണ് ഹാജരാക്കാനുള്ളത് (ഓഡിറ്റ് എൻക്വയറി നം.16/7.4.22), വിനിയോഗ സാക്ഷ്യപത്രം ഇല്ലാത്ത ചെലവ് 1,40,400/-അടക്കം ആകെ ചെലവ് 4,32,785/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം പുനഃപരിശോധിക്കുന്നതാണ്.
(എ, ബി പ്രകാരമുള്ള രണ്ട് പ്രോജക്ടുകളിലുമായി ആകെ 4,82,785/-രൂപ തടസ്സം)

1-14 വിവിധ സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീനും ഇൻസിനറേറ്ററും 5,38,884/-രൂപയുടെ ചെലവ് തടസ്സം

ബ്ലോക്ക് പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീനും ഇൻസിനറേറ്ററും സ്ഥാപിക്കുന്നതിനായി പ്രോജക്ട് നടപ്പാക്കിക്കാണുന്നു (2020-21ലെ പ്രോജക്ട് നം.101/21) സുലേഖ ചെലവ്പത്രിക പ്രകാരം വികസനഫണ്ടിൽ (ജനറൽ)നിന്ന് 5,38,884/-രൂപയാണ് ചെലവായിക്കാണുന്നത്. 2020-21ലെ ട്രഷറിബിൽ ബുക്ക് ബിൽ നം.1മുതൽ 6 വരെയുള്ള ബില്ലുകൾ പ്രകാരമാണ് തുക പിൻവലിച്ചതായി കാണുന്നത്, എന്നാൽ, ബിൽ തീയതി വ്യക്തതയില്ല, ബിൽ പകർപ്പ് ഫയലിൽ ഇല്ലാത്തതിനാൽ ബിൽ റഫ.നം.ലഭ്യമല്ല. പ്രോജക്ടിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) നാപ്കിൻ വെൻഡിംഗ് മെഷീനും ഇൻസിനറേറ്ററും നല്കിയിട്ടുള്ളത് 2 യു.പി.സ്കൂളുകൾ, 2 ഹൈസ്കൂളുകൾ, 1 ഹയർസെക്കന്ററി സ്കൂൾ, 1 വി.എച്ച്.എസ്.എസ് എന്നിവയ്ക്കാണ്. ആകെ 6 സ്ഥാപനങ്ങൾക്കായി 89,814/-വീതം 5,38,884/-രൂപ ചെലവ് വന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 172, നാലാം പട്ടിക പ്രകാരം

ഹൈസ്കൂളുകളും യു.പി.സ്കൂളുകളും മറ്റും ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലയിൽ വരുന്ന സ്ഥാപനങ്ങളല്ല.

കൂടാതെ, ഗ്രാമപഞ്ചായത്തുകൾ/ജില്ലാ പഞ്ചായത്തുകൾ മുഖേന പ്രോജക്ട് നടപ്പാക്കപ്പെട്ടിട്ടുണ്ടോ, അതിന് സാധ്യതയുണ്ടോ എന്നീ വിഷയങ്ങൾ പരിശോധിച്ച് കാണുന്നില്ല.

2) തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പിന്റെ 02.12.2014-ലെ 71875/ഡി.സി1/2014/തസ്വഭവ സർക്കുലറിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇൻസിനറേറ്ററുകൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയത് സ്ഥാപിക്കുന്നതിനുമുമ്പായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതി ശുചിത്വമിഷൻ/മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുടെ പരിശോധനയ്ക്കും ശുപാർശയ്ക്കും ശേഷം സർക്കാരിൽ നിന്നും മുൻകൂർ അനുവാദം വാങ്ങിയശേഷമേ നടപ്പാക്കാവൂ എന്നും സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. ടി നടപടിക്രമങ്ങൾ പാലിക്കപ്പെട്ടുകാണുന്നില്ല.

3) പ്രോജക്ട് അടങ്കൽ തന്നെ 6,28,740/-രൂപയായിരുന്നുവെങ്കിലും പർച്ചേസ് ചെയ്യുന്നതിലേക്ക് ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കപ്പെട്ടിട്ടില്ല.

4) പ്രോജക്ടിൽ അക്രഡിറ്റഡ് എജൻസി മുഖേന എന്നും എജൻസിയായി റീജിയണൽ അഗ്രോ ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോ ഓപ്പറേറ്റീവ് കേരള ലിമി.(റെയ്ഡ്കോ) എന്നും പരാമർശിക്കപ്പെട്ടെങ്കിലും കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലി. (കെ.എസ്.ഐ.ഇ) മുഖേനയാണ് നിർവ്വഹിക്കപ്പെട്ട് കാണുന്നത്. നിർവ്വഹണം നടത്തിയ കെ.എസ്.ഐ.ഇ നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള അക്രഡിറ്റഡ് എജൻസിയാണ് എന്നാണ് സർക്കാർ ഉത്തരവ് പ്രകാരം കാണുന്നത് (GO(P)29/2018/Fin, 28.2.18), എന്നാൽ നാപ്കിൻ വെൻഡിംഗ് മെഷീൻ സംബന്ധിച്ച് ടെണ്ടർ കൂടാതെ സ്വീകരിക്കാവുന്ന അക്രഡിറ്റഡ് എജൻസിയാണ് റെയ്ഡ്കോ എന്ന് കാണുന്നു.(സ.ഉ(സാ)2834/19 /തസ്വഭവ, 12.12.19) അക്രഡിറ്റഡ് എജൻസിയായി സർക്കാർ ഉത്തരവ് പ്രകാരം തന്നെ അംഗീകരിക്കപ്പെട്ട എജൻസിയെ ഒഴിവാക്കിയതിന്റെ സാഹചര്യം വ്യക്തമല്ല.

5) റെയ്ഡ്കോയിൽ നിന്ന് 02.03.20 തീയതി അയച്ചുകാണുന്ന ക്വട്ടേഷനിൽ നാല് വർഷ വാറന്റിയോടെ, ലേബർ, ട്രാൻസ്പോർട്ട് അടക്കം 70,329/-രൂപയ്ക്ക് നാപ്കിൻ വെൻഡിംഗ് മെഷീനും സാനിട്ടറി മെഷീനും ലഭ്യമാകുന്നതായാണ് കാണുന്നത്, എന്നാൽ 10.03.19-ൽ കെ.എസ്.ഐ.ഇ-യിൽ നിന്ന് ലഭിച്ച 89,814/-രൂപയുടെ ക്വട്ടേഷനാണ് അംഗീകരിച്ചുകാണുന്നത്. റെയ്ഡ്കോയുടെ ക്വട്ടേഷനിൽ വാറന്റി ഉൾപ്പെടെ 95,081/-ആകും എന്ന് ഓഫീസ് നോട്ടിൽ പരാമർശിച്ചിട്ടുള്ളതിന്റെ സാധുത വ്യക്തമല്ല. ടി വിഷയം ചർച്ച ചെയ്ത പർച്ചേസ്/പ്രോക്യൂർമെന്റ് കമ്മറ്റി മിനിറ്റ്സ് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ടി രേഖകൾ ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ചെലവ് തുക 5,38,884/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.3/5.4.22).

1-15 എസ്.സി.കോളനികളിൽ സോളാർ സ്ട്രീറ്റ്ലൈറ്റ് വിവിധ അപാകതകൾ 6,60,000/-രൂപയുടെ ചെലവ് തടസ്സം

2020-21 വർഷം സെക്രട്ടറി നിർവ്വഹിച്ച എസ്.സി.കോളനികളിൽ സോളാർ സ്ട്രീറ്റ്ലൈറ്റ് എന്ന പ്രോജക്ടിൽ (പ്രോജ.നം.119/21) സോളാർ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കലിനായി വികസന-എസ്.സി.പി ഫണ്ടിൽ നിന്ന് 6,60,000/-രൂപ INKEL Ltd.എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്.
(ബിൽ റഫ.നം.20060463015800492965/4.9.20)
പ്രോജക്ടിൽ കാണുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) ക്വട്ടേഷൻ, പർച്ചേസ്/പ്രോക്യൂർമെന്റ് സ്പെസിഫിക്കേഷൻ വിവരങ്ങൾ ഐകരൂപ്യതയില്ല, താരതമ്യം അസാധ്യം.

ആവശ്യമായ സ്പെസിഫിക്കേഷനുകൾ നിശ്ചയിച്ചുകൊണ്ടുള്ള ടെണ്ടർ നോട്ടീസ് ഫയലിൽ ലഭ്യമല്ല. ലഭിച്ചിട്ടുള്ള ക്വട്ടേഷനുകളിൽ അതിനാൽ തന്നെ ഐകരൂപ്യം ഇല്ല. കെൽട്രോൺ, അനർട്ട്, ഇൻകെൽ എന്നീ സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷനുകൾ ലഭിച്ചതായാണ് ഫയലിൽ കാണുന്നത്. എന്നാൽ, 5 മീറ്റർ Pole ഉള്ള 20W സോളാർ സ്ട്രീറ്റ്ലൈറ്റിന്റെ സപ്ലൈ & ഇൻസ്റ്റലേഷൻ എന്ന് കാണിച്ചാണ് ഇൻകെൽ കോട്ട് ചെയ്തിരിക്കുന്നത്. അനർട്ടിന്റെതായി (ലെറ്റർഹെഡിലുള്ള ക്വട്ടേഷൻ കാണുന്നില്ല, സീൽ പോലും ഇല്ലാതെ ഒരു പേപ്പറിൽ ആണ് ലഭ്യമായി കാണുന്നത്) ബാറ്ററി സ്പെസിഫിക്കേഷനും വാറന്റിയും(അഞ്ച് വർഷം), പാനലിന്റെ വിവരവും ചേർത്തുകൊണ്ടുള്ളതാണ് ക്വട്ടേഷൻ 4 മീറ്റർ Pole ആണ് അതിൽ പരാമർശിച്ചിട്ടുള്ളത്. കെൽട്രോൺ നല്കിയ ക്വട്ടേഷനിൽ ബാറ്ററി ബാക്ക് അപ്(36Hrs)സൂചിപ്പിച്ചിട്ടുണ്ട്, മൂന്ന് വർഷമാണ് വാറന്റി. 5മീറ്റർ, 20W എന്നത് പൊതുവായി കാണുന്നുണ്ട്. ആവശ്യമായ സ്ട്രീറ്റ്ലൈറ്റിന്റെ, ഉദ്ദേശിക്കുന്ന സ്പെസിഫിക്കേഷനുകൾ, ആവശ്യകതകൾ(ബാറ്ററി ബാക്ക് അപ്, ബാറ്ററി സ്പെസിഫിക്കേഷൻ, വാറന്റി കാലയളവ്, Pole നീളം)വ്യക്തമാക്കാതെയാണ് ക്വട്ടേഷനുകൾ ലഭിച്ചത് എന്നതിനാൽ ഇവ താരതമ്യം ചെയ്യാനാകുന്നതല്ല. ആവശ്യകത കൃത്യമായി നിശ്ചയിച്ചിരുന്നില്ലെന്നാണ് ഇതിൽ നിന്ന് മനസ്സിലാകുന്നത്.

2) ബ്ലോക്ക് പഞ്ചായത്തിൽ പ്രോക്യൂർമെന്റ് കമ്മറ്റി രൂപീകരിച്ചതായി കാണുന്നില്ല. പർച്ചേസ്, പ്രോക്യൂർമെന്റ്

കമ്മിറ്റികളിൽ സോളാർ സ്ട്രീറ്റ്ലൈറ്റ് വാങ്ങൽ സംബന്ധിച്ച് തീരുമാനമെടുത്തതായോ ചർച്ചകൾ നടന്നതായോ ഇതിനാൽ വ്യക്തതയില്ല.

3) സോളാർ സ്ട്രീറ്റ്ലൈറ്റുകൾ ആകെ 15 എണ്ണമാണ് സ്ഥാപിച്ചത്. തകഴി ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ച 14 എണ്ണത്തിന്റെ മാത്രമാണ് വർക്ക് കംപ്ലീഷൻ, ഇൻസ്റ്റലേഷൻ വിവരം ലഭ്യമായത്. ഒരെണ്ണം നെടുമുടി ഗ്രാമപഞ്ചായത്തിലാണ് സ്ഥാപിച്ചതെന്നാണ് ഫയലിൽ നിന്ന് മനസ്സിലാകുന്നത്. ഇതിന്റെ വർക്ക് കംപ്ലീഷൻ, ഇൻസ്റ്റലേഷൻ വിവരം അറിയിച്ചിട്ടില്ല.

4) സോളാർ സ്ട്രീറ്റ്ലൈറ്റുകളുടെ ഗുണമേന്മ സംബന്ധിച്ച് നിരീക്ഷണം നടത്തപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തതയില്ല. ഇവ ബ്ലോക്ക് പഞ്ചായത്തിന്റെ/അതത് ഗ്രാമപഞ്ചായത്തുകളുടെ ആസ്തിയിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ടോ എന്നതും ഉറപ്പാക്കേണ്ടതുണ്ട്. സോളാർ വിളക്കുകളിൽ ചിലത് പ്രവർത്തനക്ഷമമല്ല എന്ന് പരാതി ലഭിച്ചതായി ഓഫീസ് നോട്ടിൽ കാണുന്നു(18.9.21ൽ). ടി വിഷയത്തിൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ എന്നത് വ്യക്തമാക്കേണ്ടതുണ്ട് (അഞ്ച് വർഷ വാറന്റിയുള്ളതായി കരാർ പ്രകാരം കാണുന്നു)

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 6,60,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കിക്കൊണ്ട് തടസ്സം ഒഴിവാക്കാവുന്നതാണ്.

(ഓഡിറ്റ് എൻക്വയറി നം.9/6.4.22)

1-16 ഹരിതം സുഫലം ഫലവൃക്ഷതൈ നഴ്സറി- 75,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹിച്ച ഹരിതം സുഫലം ഫലവൃക്ഷതൈ നഴ്സറി (പ്രോജക്ട് നം.78/21) എന്ന പ്രോജക്ടിൽ ഫലവൃക്ഷതൈകൾക്കായി ആകെ 75,000/-രൂപ ചമ്പക്കുളം ബ്ലോക്ക് അഗ്രോ സർവ്വീസ് സെന്ററിന് നല്കിയിട്ടുണ്ട്. ചമ്പക്കുളം ബ്ലോക്ക് അഗ്രോ സർവ്വീസ് സെന്ററിന്റെ, 11.2.21ലെ ബിൽ നം.210, 211എന്നിവ പ്രകാരം ചുവടെ ചേർക്കും പ്രകാരമുള്ള ഫലവൃക്ഷത്തൈകളാണ് വാങ്ങിക്കാണുന്നത്ഃ

ഇനം	എണ്ണം	നിരക്ക്	തുക
പേര	1200	15	18,000
നെല്ലി	600	15	9,000
ചാമ്പ	600	15	9,000
റമ്പൂട്ടാൻ	600	20	12,000
സപ്പോട്ട	300	90	27,000

ഫണ്ട് വിവരഃ

ബിൽ റഫ.നം.20060463015801225900/10.3.21പ്രകാരം 53830/-(CFC Fund),

ബിൽ റഫ.നം.20060463015801374779/26.3.21പ്രകാരം 7039/-(Dev.Gl.fund) &

റിക്വിസിഷൻ നം.2004010001200075/5.3.21പ്രകാരം 14131/-(own Fund)

ഫലവൃക്ഷത്തൈകളുടെ വിതരണ വിവരം സംബന്ധിച്ച് ജെ.ബി.ഡി.ഒ-യുടെ ഒരു റിപ്പോർട്ട് മാത്രമാണ് ഫയലിൽ കാണുന്നത്. വിവിധ ഗ്രാമപഞ്ചായത്തുകളിലേക്കായും എം.എൻ.ആർ.ഇ.ജി.എ-യുടെ ഭാഗമായും ഫലവൃക്ഷത്തൈകൾ വിതരണം ചെയ്തു എന്ന സ്റ്റേറ്റ്മെന്റ് മാത്രമാണ് ടി റിപ്പോർട്ടിലുള്ളത്. വിതരണ വിശദാംശങ്ങളോ, കൈപ്പറ്റ് വിവരങ്ങളോ ഇല്ല. എതെല്ലാം ഗ്രാമപഞ്ചായത്തുകൾക്ക് എത്രവീതം മുതലായ വിവരങ്ങളൊന്നും തന്നെ ഇതിൽ വ്യക്തമാകുന്നില്ല. വിതരണ വിവരം, കൈപ്പറ്റ് എന്നിവ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ചെലവ് തുക 75,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം.18/8.4.22)

1-17 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -നിർമ്മാണം പൂർത്തീകരിച്ചില്ല ,1,70,000 /- രൂപ തടസ്സം

പ്രോജക്ട് നം. - 75/21

അടങ്കൽ - 30,00,000

ചെലവ് -14,50,000 / -

ബിൽ നം - 3,00,000 /- (ബി ആർ നം .20060463011420117775 5 /2.03.21)
നിർവ്വഹണം: SCDO

പ്രസ്തുത പദ്ധതി പ്രകാരം ജിജി സുഭാഷ് എന്ന ഗുണഭോക്താവ് പഠനമുറി നിർമ്മാണത്തിനായി 1,70,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്, നാളിതുവരെയും പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കി വാല്യുവേഷൻ സമർപ്പിച്ച് അവസാന ഗഡു കൈപ്പറ്റിയതായി കാണുന്നില്ല, ചെലവ് തുക 1,70,000/- തടസ്സത്തിൽ വയ്ക്കുന്നു. മേൽ ഗുണഭോക്താവിനെ ക്കൊണ്ട് പഠനമുറിനിർമ്മാണം പൂർത്തീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.7/05.04.22)

1-18 ഭിന്നശേഷിക്കാർക്ക് മുചക്രവാഹനം വിതരണം അപാകതകൾ 971964/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ
പ്രോജക്ട് നമ്പർ	22/20
പ്രോജക്ടിന്റെ പേര്	ഭിന്നശേഷിക്കാർക്ക് മുചക്രവാഹനം
അടങ്കൽ തുക	₹9,72,000 /- (വികസനഫണ്ട്)
ചെലവ് തുക	₹9,71,964 (വികസനഫണ്ട്)
ബിൽ വിവരം	9,71,964/- (B.R No. 20060463014300336674/ 10.07.20)

ഭിന്നശേഷികാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം ചെയ്യുന്നതിന് സിഡിപിഒ നിർവ്വഹണോദ്യോഗസ്ഥയായ സ്പിൽ ഓവർ പ്രോജക്ടിന് തുക ചെലവഴിച്ചിട്ടുണ്ട്. നാല്പത് ശതമാനത്തിലധികം ശാരീരിക വൈകല്യമുള്ളവരും ഇരു ചക്രവാഹനം ഓടിക്കാൻ സാധിക്കാത്തവരും എന്നാൽ സൈഡ് വീലോട് കൂടിയ വാഹനം ഓടിക്കാൻ ശാരീരിക യോഗ്യത ഉണ്ടെന്ന് മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയതുമായ ലൈസൻസോ ലേണേഴ്സ് ലൈസൻസോ ഉള്ള ഗുണഭോക്താക്കൾക്ക് സൈഡ് വീൽ ഉള്ള സ്കൂട്ടർ നല്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്.

ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിന് ഉതകുന്ന വിധത്തിൽ സൈഡ് വീലുകൾ ഘടിപ്പിച്ച് , രജിസ്ട്രേഷൻ നടത്തി , ഇൻഷ്വറൻസ് എടുത്ത് വാഹനം കൈമാറുന്നനതിനുള്ള ചെലവുകൾ ഉൾപ്പടെയുള്ള തുക യാണ് മുചക്രവാഹനം ലഭ്യമാക്കുന്ന സ്ഥാപനത്തിന് നൽകേണ്ടത്. ചെലവ് രേഖകൾ പരിശോധിച്ചതിൽ മേൽ പദ്ധതിക്കായി 971964 /- രൂപ ചെലവഴിച്ചിട്ടുണ്ട്.

പദ്ധതിയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

ലഭ്യമാക്കിയ വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ പരിശോധിച്ചതിൽ എല്ലാ വാഹനങ്ങളും "അഡാപ്റ്റഡ് വെഹിക്കിൾ" എന്ന ഇൻവാലിഡ് ക്യാരിയേജ് കാറ്റഗറിയിൽ രജിസ്റ്റർ ചെയ്യുന്നതിന് പകരം "വെഹിക്കിൾ ക്ലാസ്" എന്ന ഭാഗത്ത് "മോട്ടർ സൈക്കിൾ / സ്കൂട്ടർ" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മുച്ചക്ര വാഹന വിതരണത്തിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നതെങ്കിലും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ മോട്ടർ സൈക്കിൾ / സ്കൂട്ടർ എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ ഭിന്നശേഷിക്കാർക്ക് വിതരണത്തിന് തയ്യാറാക്കിയ വാഹനം സൈഡ് വീൽ ഘടിപ്പിച്ചാണോ രജിസ്ട്രേഷന് നല്കിയതെന്ന് വ്യക്തമല്ല.

കേന്ദ്ര മോട്ടോർ വാഹന നിയമപ്രകാരം വാഹനത്തിന്റെ ഘടനയിൽ മാറ്റം വരുത്തുമ്പോൾ രജിസ്റ്ററിംഗ് ഉദ്യോഗസ്ഥനിൽ നിന്നും മുൻകൂർ ആയി മാറ്റം വരുത്തി പതിനാല് ദിവസത്തിനുള്ളിലോ അനുമതി വാങ്ങേണ്ടതും ആയത് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇത്തരത്തിൽ രജിസ്ട്രേഷൻ നടത്താത്ത വാഹനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതല്ല (സെക്ഷൻ.52, 149(iii) എന്നിവ കാണുക).
ആനുകൂല്യം കൈപ്പറ്റിയ 12 ഗുണഭോക്താക്കളിൽ 6 ഗുണഭോക്താക്കൾക്ക് 51,490 /- രൂപ IDV വിലയുള്ള (Insured Declaraed Value Of Vehicle) Hero Maestro Edge Corp Vx ഉം 6 ഗുണഭോക്താക്കൾക്ക് 47,263 /- രൂപ വിലയുള്ള Pleasure Bs6 ആണ് അനുവദിച്ചത്. ഇപ്രകാരം ഈ പദ്ധതിക്ക് ഒരേ കമ്പനിയുടെ തന്നെ വിലവ്യത്യാസമുള്ള രണ്ട് വ്യത്യസ്ത മോഡൽ സ്കൂട്ടർ നൽകുവാനുണ്ടായ സാഹചര്യം വിശദികരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/ 11.04.22) ലഭ്യമാക്കിയ മറുപടിയിൽ ഭിന്നശേഷിക്കാർക്ക് മുചക്രവാഹനം എന്ന പ്രൊജക്ട് 19-20 വർഷം ആണ് ആരംഭിച്ചത് ഇതിനായി 1/20, 2/20 ലും ആയിട്ടാണ് കെൽട്രോണിന് സപ്ലൈ ഓർഡർ നൽകിയത്. എന്നാൽ രണ്ടാമത്തെ ഓർഡർ പ്രകാരമുള്ള സ്കൂട്ടർ കെൽട്രോൺ ആദ്യം സപ്ലൈ ചെയ്യുകയാണുണ്ടായത്. നിർവ്വഹണോദ്യോഗസ്ഥ ആദ്യം നൽകിയ സപ്ലൈ ഓർഡർ പ്രകാരമുള്ള സ്കൂട്ടർ വിതരണത്തിന് മാർച്ച് 20 ലെ കോവിഡിനെ തുടർന്ന് കാലതാമസം നേരിടുകയും 7/20 ൽ ആണ് ആയത് വിതരണം ചെയ്തത് എന്നാണ്

അറിയിച്ചത്.ഇതിനാൽ ആദ്യം നൽകിയ വാഹനമോഡൽ ലഭ്യമാകാത്തതിനാലാണ് മറ്റൊരു മോഡൽ വാഹനം നൽകിയതെന്നാണ് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചത്.

ഫയൽ പരിശോധിച്ചതിൽ കെൽട്രോണിൽ നിന്നും ലഭ്യമായ ബിൽ ഇൻവോയ്സിൽ രണ്ട് വാഹനങ്ങൾക്കും 77,140/- രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഡീലറിൽ നിന്നുള്ള വാഹന ബിൽ ലഭ്യമാകാത്തതിനാൽ വാഹനത്തിന്റെ ഓൺ റോഡ് പ്രൈസ് പരിശോധിക്കാനായില്ല. മേൽക്കാരണങ്ങളാൽ പദ്ധതിക്ക് ചെലവഴിച്ച തുക 9,71,964/-രൂപ തടസ്സപ്പെടുത്തുന്നു. എല്ലാ വാഹനങ്ങളും "അഡാപ്റ്റഡ് വെഹിക്കിൾ" എന്ന ഇൻവാലിഡ് ക്യാരിയേജ് കാറ്റഗറിയിൽ രജിസ്റ്റർ ചെയ്ത് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-19 പട്ടികജാതി വിദ്യർത്ഥികൾക്ക് പഠനാവശ്യത്തിനായി ടിവി, ലാപ്ടോപ്പ് വാങ്ങൽ

അപാകതകൾ

കൈനകരി പഞ്ചായത്ത് കൈനകരി, കുട്ടമംഗലം ഡിവിഷനുകളിലെ പട്ടികജാതി വിദ്യർത്ഥികൾക്ക് പഠനാവശ്യത്തിനായി ടിവി, ലാപ്ടോപ്പ് എന്നിവ വാങ്ങി നൽകുന്നതിനായി ആകെ 6,13,740 /- രൂപ ചെലവഴിച്ചിട്ടുണ്ട്.

വിശദാംശം ചുവടെ ചേർക്കുന്നു

ഡിവിഷൻ /പ്രോജക്ട് നം.	തുക	ബി ആർ നം.	തുക കൈപ്പറ്റിയ സ്ഥാപനം
കൈനകരി 145 / 21 ടി വി വാങ്ങൽ	2,09,524 /-	20060463014201140250/24.02.21	KSIE
ലാപ്ടോപ്പ് വാങ്ങൽ	82,380 /-	20060463014201192257 /05.03.21	കേരളാ ഐടി മിഷൻ
138/21 കുട്ടമംഗലം ഡിവിഷൻ ടി വി വാങ്ങൽ	2,39,456 /-	20060463014201140252 /24.02.21	KSIE
ലാപ്ടോപ്പ് വാങ്ങൽ	82,380 /-	20060463014201192255 /05.03.21	കേരളാ ഐടി മിഷൻ

മേൽ പദ്ധതി സംബന്ധിച്ച ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

വിദ്യാർത്ഥികൾക്കായി ഓൺലൈൻ പഠനസൌകര്യത്തിനായി 26,182 /- രൂപ നിരക്കിൽ കെൽട്രോണിൽ നിന്നും Cprcs വഴി 6 ലാപ്ടോപ്പുകളും KSIE യിൽ നിന്ന് 14,966 രൂപ നിരക്കിൽ 30 ടിവിയും ആണ് വാങ്ങിയത്

സബ്സിഡി മാർഗ്ഗരേഖപ്രകാരം ടെലിവിഷൻ വാങ്ങി നൽകുന്നതിന് സബ്സിഡി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട് എന്നാൽ സ.ഉ (സാധാ) നം.1114/20/12.06.20 പ്രകാരം വിദ്യാർത്ഥികളുടെ ഓൺലൈൻ പഠന സൌകര്യത്തിനായി ഗ്രാമ പഞ്ചായത്ത് ബ്ലോക്ക് മുൻസിപ്പൽ കോർപ്പറേഷൻ പരിധിയിലെ പ്രദേശങ്ങളിൽ അതാത് സ്ഥാപനങ്ങളുടെ കമ്മറ്റി/ കൌൺസിൽ തീരുമാനങ്ങൾക്ക് വിധേയമായി ലാപ്ടോപ്പ്, ടി വി വാങ്ങി നൽകുന്നതിന് തുക ചെല വഴിക്കാവുന്നതാണ്, ഈ ഉത്തരവ് പ്രകാരമാണ് ബ്ലോക്ക് പഞ്ചായത്തിൽ ഉപകരണങ്ങൾ വാങ്ങി നൽകിയത്. എന്നാൽ ഈ ഉത്തരവിൽ ഏത് ഫണ്ട് വിനിയോഗിക്കാം എന്നതിനെ കുറിച്ച് യാതൊന്നും രേഖപ്പെടുത്താത്ത സാഹചര്യത്തിൽ വികസനഫണ്ട് ഉപയോഗിച്ച് ടെലിവിഷൻ വാങ്ങിയതിന് സർക്കാർ ഉത്തരവുകൾ ഫയലിൽ ലഭ്യമല്ല. പ്രസ്തുത വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/06.04.22) ലഭ്യമാക്കിയ മറുപടിയിൽ 2.06.20 ലെ 2/03 നം. ബ്ലോക്ക് പഞ്ചായത്ത് തീരുമാനപ്രകാരമാണ് വികസനഫണ്ട് ഉപയോഗിച്ച് പദ്ധതി നടപ്പാക്കിയെന്നാണ് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചത്. ആകയാൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, ടി.വി എന്നിവ വാങ്ങുന്നതിന് വികസനഫണ്ട് ഉപയോഗിക്കുന്നതിന് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

2. പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിന് കെൽട്രോണിന് അധികം തുക നൽകി

ഫയലിൽ ലഭ്യമായ കെൽട്രോണിന്റെ ടാക്സ് ഇൻവോയ്സ് പ്രകാരം 6 ലാപ്ടോപ്പുകൾക്ക് 1,57,091 /- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 1,64,720 /- രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്, ഇപ്രകാരം അധികം നൽകിയ തുക തിരികെ ഈടാക്കിയതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കെൽട്രോണിൽ നിന്നും Cprcs വഴി ഓർഡർ ചെയ്തപ്പോൾ 1,64,720/- ബിൽ തുക ആണ് ലഭിച്ചതെന്നും അതിൻ പ്രകാരമാണ് അത്രയും തന്നെ തുക പേയ്മെന്റ് ചെയ്തത്. എന്നാൽ കെൽട്രോണിൽ നിന്നും ലഭിച്ച ടാക്സ്

ഇൻവോയ്സിൽ 1,57,091 /-രൂപയാണ് രേഖപ്പെടുത്തിയതെന്നും തുടർന്ന് അധികം നൽകിയ തുക തിരികെ ഈടാക്കാൻ കത്ത് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല എന്നും നിർവ്വഹണോദ്യഗസ്ഥ അറിയിക്കുകയുണ്ടായി. ടി സാഹചര്യത്തിൽ 7,629 /- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. കെൽട്രോണിന് അധികം നൽകിയ 7,629 /- രൂപ തിരികെ ഈടാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

1-20 നിശ്ചിത തീയതിക്കകം കരാർ വെയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല- അധികം നൽകിയത്-8,310/- രൂപ

2012 ലെ കേരള പിഡബ്ല്യു.ഡി മാനുവൽ സെക്ഷൻ 2009-6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമക്കേണ്ടതാണ്. അതിനുശേഷം 10 ദിവസം വരെ 1% പിഴയോടുകൂടിയും മാത്രമേ കരാർ ചമയ്ക്കാവൂ. എന്നാൽ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020- 21 വർഷം നടപ്പിലാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രവർത്തികളുടെ നിർവ്വഹണത്തിന് നിശ്ചിത തീയതിക്കകം കരാർ വെയ്ക്കാത്ത കരാറുകാരിൻ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

1. എടത്വാ പഞ്ചായത്തിൽ ഒന്നാം വാർഡിൽ മാമ്പ്ര പാലം വടക്കേകര മുതൽ കിഴക്കോട്ട് സ്കൂൾ പടി വരെ റോഡ് റീ-ടാറിംഗ് (പ്രൊ.നം.S-0028/21)

സെലക്ഷൻ നോട്ടീസിലെ തീയതി - 20.08.20

സെലക്ഷൻ നോട്ടീസ് പ്രകാരം കരാർ വെയ്ക്കേണ്ട തീയതി - 03.09.20

കരാർ വെച്ച തീയതി – 08.09.20

ഈടാക്കേണ്ട ഫൈൻ - 4,218/- രൂപ

അനുബന്ധ വിവരങ്ങൾ –

അടങ്കൽ – 5,00,000/- (വികസന ഫണ്ട്)

PAC –4,21,888/-

ചെലവ് വിവരം – Rs 4,74,543/- ബിൽ നം.63/20-21 , Dt.31.03.21

MB-No. 19/20-21

കരാറുകാരൻ -തോമസ് ആന്റണി.

2. ചമ്പക്കുളം പഞ്ചായത്തിൽ എട്ടാം വാർഡിൽ 24ൽ ജെട്ടി മുതൽ താഴത്തുരുത്ത് പാലം വരെ റോഡ് കോൺക്രീറ്റിംഗ് (പ്രൊ.നം.S-0046/21)-

സെലക്ഷൻ നോട്ടീസിലെ തീയതി - 21.07.20

സെലക്ഷൻ നോട്ടീസ് പ്രകാരം കരാർ വെയ്ക്കേണ്ട തീയതി - 04.08.20

കരാർ വെച്ച തീയതി - 27.08.20

ഈടാക്കേണ്ട ഫൈൻ - 4,092/- രൂപ

അനുബന്ധ വിവരങ്ങൾ –

അടങ്കൽ – 5,00,000/- (വികസന ഫണ്ട്)

PAC –4,09,258/-

ചെലവ് വിവരം – Rs 4,58,369/- ബിൽ നം.31/20-21 , Dt.20.10.20

MB-No. 14/20-21

കരാറുകാരൻ -സിജു വി.

ഒട്ടാകെ കുറവായി ഈടാക്കിയത് –4218 + 4092 = 8,310/- രൂപ

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (12/2020-21, 13/2020-21) എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും ഈടാക്കാതിരുന്ന 8,310/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി അടയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

1-21 നിലവിൽ പെട്ടിയും പറയും ഉള്ള പാടശ്ശേഖരത്തിന് പെട്ടി വാങ്ങി നൽകി 2,85,045 /- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി അസിസ്റ്റന്റ് ഡയറക്ടർ
പ്രോജക്ട് നമ്പർ	34/21
പ്രോജക്ടിന്റെ പേര്	വിവിധ പാടശ്ശേഖരങ്ങൾക്ക് പെട്ടിയും പറയും
അടങ്കൽ തുക	₹15,00,000 /- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ് തുക	₹14,19,045 (B.R No. 20060463014001257984) (വികസനഫണ്ട്)

20-21 വർഷം കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പാക്കിയ പെട്ടിയും പറയും പ്രോജക്ട് പ്രകാരം പാടശ്ശേഖരസമിതികൾക്ക് പെട്ടിയും പറയും വാങ്ങി നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് (AA)തിരുവനന്തപുരം 20.03.2004 തീയതിയിലെ 56414/ DP1/03 നം സർക്കുലർ പ്രകാരം കാർഷിക ഉപകരണങ്ങൾ ടെണ്ടർ കൂടാതെ റെയ്ഡ്കോയിൽ നിന്നും വാങ്ങാവുന്നതാണ്. ഇതിൻ പ്രകാരമാണ് ബ്ലോക്ക് പഞ്ചായത്തിലെ 4 പാടശ്ശേഖരസമിതികൾക്ക് പെട്ടിയും പറയും റെയ്ഡ്കോയിൽ നിന്നും വാങ്ങി വിതരണം നടത്തിയിട്ടുള്ളത്.

വിശദാംശം ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്ത്	പാടശേഖരം	മെഷീൻ	തുക
തകഴി	കുന്നുമ്മ പടിഞ്ഞാറ്	Motor 20 HP /Petty /Para	5,02,000 /-
തകഴി	പത്തും പാടം പാടശേഖരസമിതി	Motor 20 HP /Petty /Para	5,02,000 /-
എടത്വ	പനയ്ക്കൽ പാടശേഖരം	Motor 10 HP	1,30,000 /-
എടത്വ	മണ്ണണ്ണി പാടശേഖരം	പെട്ടി	2,85,045 /-
			14,19,045 /-

അഗ്രി.അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ പരിശോധന റിപ്പോർട്ടിൽ കുന്നുമ്മ പടിഞ്ഞാറ്, പാണ്ടംകരി പനയ്ക്കൽ പാടശേഖരം, പത്തും പാടശേഖരസമിതി എന്നീ പാടശേഖരസമിതികൾക്ക് പെട്ടിയും പറയും ആവശ്യമുള്ളതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എടത്വ മണ്ണണ്ണി പാടശേഖരസമിതി പെട്ടി, പറ പഴയ മോട്ടോർ എന്നിവ ഫിറ്റ് ചെയ്ത് പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പെട്ടിയും പറയും ഉണ്ടായിരിക്കേ പ്രസ്തുത പാടശേഖരസമിതിക്ക് വേണ്ടി പുതിയത് വാങ്ങാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (21 / 11.04.22) മറുപടി ലഭ്യമാക്കിയില്ല. ആകയാൽ പ്രസ്തുത അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. മണ്ണണ്ണി പാടശേഖരത്തിന് പെട്ടി വാങ്ങാൻ ചെലവഴിച്ച തുക 2,85,045 /- രൂപ തടസ്സപ്പെടുത്തുന്നു.

1-22 എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം വാടകയ്ക്ക് എടുക്കൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല-3,69,365/- രൂപ തടസ്സപ്പെടുത്തുന്നു

എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം വാടകയ്ക്ക് എടുക്കൽ – സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല -3,69,365/- രൂപ തടസ്സപ്പെടുത്തുന്നു-

പ്രോജക്ട്.നം. - S- 0059/21

അടങ്കൽ - 4,50,000/- (MGNR)
നിർവ്വഹണം – അസിസ്റ്റന്റ് എൻജിനീയർ.

കരാറുകാരൻ - അസ്സീസ്സ്, കമ്പിയകത്ത്, വലിയ മരം വാർഡ്, ആലപ്പുഴ.

ചെലവ് വിവരം -

ക്രമ നം.	തുക	ബിൽ നം., തീയതി	കാലയളവ്
1.	30,000	24/20-21, 03.08.20	03.06.20 മുതൽ 02.07.20 വരെ.
2.	30,000	29/20-21, 06.10.20	03.08.20മുതൽ 02.09.20 വരെ.
3.	30,000	26/20-21, 03.09.20	03.09.20 മുതൽ 02.10.20 വരെ.
4.	30,000	32/20-21, 05.11.20	03.10.20 മുതൽ 02.11.20 വരെ.
5.	35,190	41/20-21, 13.12.20	03.11.20 മുതൽ 02.12.20 വരെ.

6.	8,780	45/20-21, 02.02.21	കരാർ പ്രകാരമുള്ള കിലോമീറ്ററിനെക്കാൾ അധികം ഓടിയതിന് നൽകിയത്.
7.	30,000	49/20-21, 13.03.21	03.02.21 മുതൽ 02.03.21 വരെ. ഒരു സാമ്പത്തിക വർഷം 30,000/- രൂപയിലധികം കൈപ്പറ്റിയ കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല-
8.	30,000	46/20-21, 08.02.20	03.01.21 മുതൽ 02.02.21 വരെ.
9.	1,990	16/20-21, 13.05.20	2019-20 ലെ ബാക്കി തുക
10.	41,855	17/20-21, 15.05.20	03.04.20 മുതൽ 02.05.20 വരെ.
11.	24,000	19/20-21, 10.06.20	2019-20 ൽ നൽകുവാനുണ്ടായിരുന്നത്.
12.	30,000	21/20-21, 04.07.20	03.05.20 മുതൽ 02.06.20 വരെ.
13.	11,325	20/20-21, 08.07.20	കരാർ പ്രകാരമുള്ള കിലോമീറ്ററിനെക്കാൾ അധികം ഓടിയതിന് നൽകിയത്.
14.	36,225	53/20-21, 30.03.21	03.12.20 മുതൽ 02.01.21 വരെ.+ കരാർ പ്രകാരമുള്ള കിലോമീറ്ററിനെക്കാൾ അധികം ഓടിയതിന് നൽകിയത്.
ആകെ	3,69,365		

അപാകതകൾ ചുവടെ ചേർക്കുന്നു-

1.ധനകാര്യ വകുപ്പ് 15.09.18 ൽ പുറപ്പെടുവിച്ച, സർക്കുലർ നം.85/2018/fin. നം. സർക്കുലറിലെ ഖണ്ഡിക(I) പ്രകാരം ഇപ്രകാരം വാടകയ്ക്ക് എടുക്കുന്നത് പുതിയ വാഹനങ്ങൾ ആയിരിക്കണമെന്നും, ആയത് അഞ്ച് വർഷത്തേക്ക് ദീർഘകാല അടിസ്ഥാനത്തിൽ ആയിരിക്കണം എന്നും, ഇപ്രകാരം വാഹനം വാടകയ്ക്ക് എടുക്കുന്നതിന് ധനകാര്യ വകുപ്പിന്റെ മുൻകൂർ അനുമതി വാങ്ങിയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രൊജക്ട് പ്രകാരം എഞ്ചിനീയറിംഗ് വിഭാഗം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്ന KL-04-AH-3722 മാരുതി സ്വിഫ്റ്റ് ഡിസയർ എന്ന വാഹനം 2015 ൽ ആണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. മാത്രവുമല്ല ഒരു വർഷത്തേക്കാണ് വാഹനം വാടകയ്ക്ക് എടുത്തിട്ടുള്ളത്, ധനകാര്യ വകുപ്പിന്റെ മുൻകൂർ അനുമതി വാങ്ങണമെന്ന നിബന്ധനയും പാലിച്ചതിന് രേഖകളില്ല.

ഒരു സാമ്പത്തിക വർഷം 30,000/- രൂപയിലധികം കൈപ്പറ്റിയ കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല-

1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്കു മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. എന്നാൽ 2020-21 വർഷം 3,69,365/- രൂപ കൈപ്പറ്റിയ കരാറുകാരനിൽ നിന്നും ആദായനികുതിയിനത്തിൽ തുകയൊന്നും തന്നെ കുറവ് ചെയ്തിട്ടില്ല. തന്മൂലം കേന്ദ്ര സർക്കാരിന് 3,693 രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്. ടി തുക കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

ആദായനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും, ആവശ്യപ്പെട്ട വിവരങ്ങളും അല്ലാത്തപക്ഷം മറുപടിയും ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (10/06.04.22) ലഭ്യമാക്കിയ മറുപടിയിൽ 14.03.2018 ലെ സർക്കാർ ഉത്തരവ് (സാധാ) നം.690/18/തസ്വഭവ നം. ഉത്തരവ് പ്രകാരം എഞ്ചിനീയർമാരുടെ ആവശ്യത്തിന് ഗ്രാമ പഞ്ചായത്തുകളിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിനും, നഗരസഭകൾക്കും, ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകൾക്ക് വാഹനം വാങ്ങുന്നതിനും അനുമതി നൽകിയിട്ടുള്ളതാണെന്നും മറുപടി നൽകി. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വാഹനം വാങ്ങുന്നതിനുള്ള ആവശ്യം ബന്ധപ്പെട്ട ഭരണസമിതിയെ അറിയിച്ചിട്ടുള്ളതാണെന്നും, സാമ്പത്തിക സ്ഥിതി മോശമായതിനാൽ, വാഹനം വാടകയ്ക്ക് എടുക്കുന്നതിന് തൻവർഷം 4,50,000/- രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കി അംഗീകാരം നൽകിയതാണെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രതിമാസ തുകയ്ക്ക് വാഹനം നൽകുന്നയാൾക്ക് ലാഭവിഹിതം ഇല്ലാത്തതിനാൽ ഇൻകം ടാക്സ് പിടിക്കേണ്ടതില്ലായെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ടി മറുപടി ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള അപാകതകളെ സാധൂകരിക്കുന്നില്ല. ആയതിനാൽ തന്നെ ടി മറുപടി അംഗീകരിക്കുന്നില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ചെലവഴിച്ച 3,69,365/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സർക്കാർ സാധൂകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-23 ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് തിരികെ ഒടുക്കുന്നത് സംബന്ധിച്ച്-

വികസന ഫണ്ട്/ റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്ത ടാർ വീപ്പയുടെ വില സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ഒടുക്കിയിരിക്കുന്നത്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

ക്രമ നമ്പർ	പ്രവർത്തിയുടെ പേര്/ അളവുപുസ്തകം	295 രൂപ നിരക്കിൽ ഈടാക്കിയ തുക	ഫണ്ടിനം	ബിൽ നമ്പർ/ തിയതി
1	തലവടി പഞ്ചായത്ത്- W-10-ദേവസ്വം ചിറ മുതൽ നായ്പ്പള്ളി വരെ റോഡ് ടാറിംഗ് - 15/20-21	3,540/-	CFC ഗ്രാന്റ്	37/20-21,dt.13.12.20
2	നെടുമുടി പഞ്ചായത്ത്- W-15 – പിഡബ്ലുഡി റോഡ് മുതൽ പഴയകരി റോഡ് വരെ റോഡ് ടാറിംഗ് 24/18-19.	10,325/-	വികസനഫണ്ട്.	50/20-21,dt.20.03.21
3.	എടത്വാ പഞ്ചായത്ത്-w-1-മാമ്പറ പാലം -വടക്കേകര മുതൽ കിഴക്കോട്ട് സ്കൂൾ പടി വരെ റോഡ്ടാറിംഗ്- 1/19-20.	3,540/-	CFC ഗ്രാന്റ്	63/20-21,dt.31.03.21
4.	തലവടി പഞ്ചായത്ത്- W-3- ആമ്പ്രയിൽ കല്ലങ്ക് മുതൽ മുണ്ടകത്തിൽ പാലം വരെ റോഡ് ടാറിംഗ് 7/20-21.	3,540/-	വികസനഫണ്ട്	39/20-21,dt. 13.12.20
5.	എടത്വാ പഞ്ചായത്ത്-w-7- കുറുകയിൽപ്പറമ്പ് മുതൽ – കൊച്ചുപുരയ്ക്കൽ പടി വരെ റോഡ് 16/20-21.	5,015/-	വികസനഫണ്ട്	60/19-20,dt. 31.03.21
	ആകെ	25,960/-		

ജി.ഒ.(പി)177/06 ധനം 12.04.06 ഉത്തരവ് ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട് / മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ തന്നെ ഖണ്ഡിക 10.3 പ്രകാരമുള്ള നിബന്ധനകൾ പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച പ്രവർത്തികളുടെയും, തൻവർഷം നടപ്പിലാക്കിയ മറ്റ് ടാറിംഗ് പ്രവർത്തികളിൽ ഈടാക്കിയ ടാർ വീപ്പയുടെയും വില ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കുവരുത്തിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (13/20-21) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ സൂചിപ്പിച്ച പ്രവർത്തികളുടെയും തൻവർഷം നടപ്പിലാക്കിയ മറ്റ് പ്രവർത്തികളുടെയും ബില്ലിൽ നിന്നും ടാർ വീപ്പയുടെ വിലയിനത്തിൽ ഈടാക്കിയ തുക ബന്ധപ്പെട്ട ശീർഷകങ്ങളിൽ തിരികെ ഒടുക്കേണ്ടതാണ്.

1-24 കോവിഡ് പ്രതിരോധം - അവലോകനം-

2020- ആരംഭത്തോടെ കേരളത്തിലും സാരമായി ബാധിച്ച കോവിഡ് -19 മഹാമാരി, ബ്ലോക്ക് പഞ്ചായത്തിലെയും സാമൂഹിക, ആരോഗ്യ, തൊഴിൽ മേഖലകളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

ആകെ 13968പേരാണ് ബ്ലോക്ക് പഞ്ചായത്തിൽ കോവിഡ് ബാധിതരായത്. ഇവരിൽ 230പേർ മരണപ്പെട്ടു. കോവിഡ് ബാധിതരിൽ 98%പേരും അതിജീവിച്ചിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് സാമൂഹ്യാരോഗ്യകേന്ദ്രങ്ങൾ വഴി മരുന്നും മറ്റ് പ്രതിരോധ സാമഗ്രികളും വിതരണം ചെയ്യുകയും പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സി.എഫ്.എൽ.ടി.സി-യിലേക്ക് പ്രതിരോധ സാമഗ്രികളും ആന്റിജൻ കിറ്റും വിതരണം നടത്തുകയും ചെയ്തു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് സഹായം നല്കി. സർക്കാർ നിർദ്ദേശ പ്രകാരം രണ്ടാം തരംഗത്തിൽ ആംബുലൻസ് സംവിധാനം തയ്യാറാക്കി.

2020-21ൽ കോവിഡ് പ്രതിരോധത്തിന് മെയിന്റനൻസ് നോൺറോഡ് ഫണ്ടിൽ നിന്ന് 1,60,789/-രൂപയാണ് ചെലവഴിച്ചത്. ടി ഇനത്തിൽ സർക്കാരിൽ നിന്ന് പ്രത്യേക ഫണ്ടുകൾ ലഭ്യമായിട്ടില്ല. കോവിഡ് പ്രതിരോധം അജണ്ടയായിക്കൊണ്ട് നിരവധി കമ്മറ്റികളിൽ ചർച്ചകൾ നടത്തിയതായി കാണുന്നു. കമ്മറ്റികളിലെ തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്.

(*അവലംബം: ഓഡിറ്റ് എൻക്വയറി നം.2/20-21ന് ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ മറുപടി)

ഭാഗം -2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2 വരവിനങ്ങളിലെ നിരീക്ഷണങ്ങൾ-

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 നിശ്ചിത തീയതിക്കകം കരാർ വെയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല- അധികം നൽകിയത്-8,310/- രൂപ

2012 ലെ കേരള പിഡബ്ല്യു.ഡി മാനുവൽ സെക്ഷൻ 2009-6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമക്കേണ്ടതാണ്. അതിനുശേഷം 10 ദിവസം വരെ 1% പിഴയോടുകൂടിയും മാത്രമേ കരാർ ചമയ്ക്കാവൂ. എന്നാൽ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020- 21 വർഷം നടപ്പിലാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രവർത്തികളുടെ നിർവ്വഹണത്തിന് നിശ്ചിത തീയതിക്കകം കരാർ വെയ്ക്കാത്ത കരാറുകാരിൻ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

1. എടത്വാ പഞ്ചായത്തിൽ ഒന്നാം വാർഡിൽ മാമ്പ്ര പാലം വടക്കേകര മുതൽ കിഴക്കോട്ട് സ്കൂൾ പടി വരെ റോഡ് റീ-ടാറിംഗ് (പ്രൊ.നം.S-0028/21)

സെലക്ഷൻ നോട്ടീസിലെ തീയതി – 20.08.20

സെലക്ഷൻ നോട്ടീസ് പ്രകാരം കരാർ വെയ്ക്കേണ്ട തീയതി - 03.09.20

കരാർ വെച്ച തീയതി –08.09.20

ഈടാക്കേണ്ട ഫൈൻ – 4,218/- രൂപ

അനുബന്ധ വിവരങ്ങൾ –

അടങ്കൽ – 5,00,000/- (വികസന ഫണ്ട്)

PAC –4,21,888/-

ചെലവ് വിവരം – Rs 4,74,543/- ബിൽ നം.63/20-21 , Dt.31.03.21

MB-No. 19/20-21

കരാറുകാരൻ -തോമസ് ആന്റണി.

2. ചമ്പക്കുളം പഞ്ചായത്തിൽ എട്ടാം വാർഡിൽ 24ൽ ജെട്ടി മുതൽ താഴത്തുരുത്ത് പാലം വരെ റോഡ് കോൺക്രീറ്റിംഗ്

(പ്രൊ.നം.S-0046/21)-
സെലക്ഷൻ നോട്ടീസിലെ തീയതി – 21.07.20
സെലക്ഷൻ നോട്ടീസ് പ്രകാരം കരാർ വെയ്ക്കേണ്ട തീയതി – 04.08.20

കരാർ വെച്ച തീയതി –27.08.20
ഈടാക്കേണ്ട ഫൈൻ – 4,092/- രൂപ
അനുബന്ധ വിവരങ്ങൾ –
അടങ്കൽ – 5,00,000/- (വികസന ഫണ്ട്)
PAC –4,09,258/-
ചെലവ് വിവരം – Rs 4,58,369/- ബിൽ നം.31/20-21 , Dt.20.10.20
MB-No. 14/20-21
കരാറുകാരൻ -സിജു വി.
ഒട്ടാകെ കുറവായി ഈടാക്കിയത് –4218 + 4092 = 8,310/- രൂപ

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (12/2020-21, 13/2020-21) എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും ഈടാക്കാതിരുന്ന 8,310/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി അടയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

3-2-1 പ്രോജക്ട് ഫോർമുലേഷൻ-പത്രപരസ്യങ്ങൾക്ക് ഡിസ്കൌണ്ട് ലഭിച്ചില്ല, 5,755/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല

2020-21ൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ പ്രോജ.നം.01/21, പ്രോജക്ട് ഫോർമുലേഷൻ എന്ന പ്രോജക്ടിൽ വികസന ജനറൽ ഫണ്ടിൽ നിന്ന് ആകെ 98,768/-രൂപ ചെലവായിട്ടുണ്ട്. ടി പ്രോജക്ടിൽ വന്നിട്ടുള്ള പത്രപരസ്യ ചെലവുകൾക്ക് ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ജി.ഒ(പി)17/15/ഐ&പി.ആർ.ഡി/8.12.15, ഖണ്ഡിക 3& ജി.ഒ(പി)2/20/ഐ&പി.ആർ.ഡി/10.12.20 ഉത്തരവ് ഖണ്ഡിക 51 എന്നിവ പ്രകാരം ലഭ്യമാകേണ്ടിയിരുന്ന 15% ട്രേഡ് ഡിസ്കൌണ്ട് കുറച്ചിട്ടില്ലെന്ന് കാണുന്നു.

1) ബിൽ റഫ.നം.20060463015800456947/21.8.20 പ്രകാരം പിൻവലിച്ച 39,116/-രൂപയിൽ 19,116/-രൂപ കേരള കൌമുദി ദിനപത്രത്തിന് പരസ്യചാർജ്ജ് ഇനത്തിൽ നല്കിയിട്ടുള്ളതാണ്. 4,779/-രൂപയുടെ വീതമുള്ള 4 ബില്ലുകൾ(ഇവയിൽ ബിൽ നമ്പരുകൾ വ്യക്തതയില്ല, 17.3.20, 5.5.20, 30.5.20, 17.6.20 തീയതികളിലെയാണ് ബില്ലുകൾ) പ്രകാരമാണ് തുക നല്കിയിട്ടുള്ളത്. ഡിസ്കൌണ്ട് ഇല്ലാതെ വന്നതിനാൽ 2,867.4/-രൂപയാണ് അധികച്ചെലവ് വന്നത്.

2) ബിൽ റഫ.നം.20060463015801439072/30.3.21പ്രകാരം പിൻവലിച്ച 19,252/-രൂപയും കേരള കൌമുദി ദിനപത്രത്തിന് പരസ്യചാർജ്ജ് നല്കി. 4,813/-രൂപ വീതമുള്ള 4 ബില്ലുകൾ(5.8.20, 9.9.20, 4.8.20, 5.9.20 തീയതികളിൽ)പ്രകാരമുള്ള തുകയാണ് ഇത്. ഡിസ്കൌണ്ട് ഇല്ലാതെ വന്നതിനാൽ 2,887.8/-രൂപയാണ് അധികച്ചെലവ് വന്നത്. അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

3-2-2 തനത് ഫണ്ട് വൌച്ചർ പരിശോധനഃ പത്രപരസ്യം -ഡിസ്കൗണ്ട് ലഭ്യമായില്ല 9,345/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല

തനത് ഫണ്ട് വൌച്ചറുകൾ പരിശോധിച്ചതിൽ 2020-21 ൽ വിവിധ തിയ്യതികളിൽ ടെണ്ടർ/ദർഘാസ് പരസ്യം കേരളകൗമുദി ദിനപത്രത്തിൽ നൽകിയതിന് ചുവടെ ചേർക്കുന്ന വൗച്ചറുകൾ പ്രകാരം 62,297/- രൂപ നൽകിയിട്ടുണ്ട്.

വൗച്ചർ നമ്പർ	ചെക്ക് നം. / തിയ്യതി	ബിൽ നമ്പർ	തുക
31/20	2472912 / 25.06.2020	BLALP00068576 / 17.03.20	4,779
		BLALP00068573/ 20.05.20	4,779
		BLALP00068491/ 05.05.2020	4,779

44/20	2472925 / 10.07.2020	BLALP00068766/12.06.20	4,779
		BLALP00068790/17.06.20	4,779
		ALPSCH069097/19.06.20	4,779
		BLALP00068877/27.06.20	4,813
		BLALP00068671/30.05.20	4,779
119/20	1378744/ 15.02.2021	BLALP00068997/ 11.07.2020	4,813
		BLALP00069892/ 29.10.2020	4,813
		BLALP00069016/ 17.07.2020	4,813
		BLALP00069713/ 06.10.2020	4,813
		ആകെ	62,297/-

കേരളകൗമുദി ദിനപത്രത്തിൽ നിന്നും ലഭ്യമാക്കിയ ബില്ലുകൾ പരിശോധിച്ചതിൽ 15% ട്രേഡ് ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ലെന്നു കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 19 / 08.04.2022) മറുപടി ലഭ്യമാക്കിയില്ല. 62,297/-രൂപയുടെ ചെലവിന്മേൽ ഡിസ്കൌണ്ട് ലഭ്യമാകാതെ വന്ന 9,345/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	മുന്നിരിപ്പ്	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ഗ്രാമപഞ്ചായത്ത്	18,44,880	70,000	പി.എം.എ.വൈ	70,000	18,44,880

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	5,02,81,605
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	5,41,12,933
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	23,410
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	35,53,043

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1		8,310	ശരവണൻ എൽ.ആർ., അസിസ്റ്റന്റ് എഞ്ചിനീയർ- 4,092/- ദിലീഷ്, അസിസ്റ്റന്റ് എഞ്ചിനീയർ- 4,218/-
3-2-1		5,755	മഞ്ജു എം., സെക്രട്ടറി
3-2-2		9,345	മഞ്ജു എം., സെക്രട്ടറി
ആകെ		23,410	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-13	4,82,785	മഞ്ജു എം., സെക്രട്ടറി
1-14	5,38,884	മഞ്ജു എം., സെക്രട്ടറി
1-15	6,60,000	മഞ്ജു എം., സെക്രട്ടറി
1-16	75,000	മഞ്ജു എം., സെക്രട്ടറി
1-17	1,70,000	സുജ കെ., എസ്.സി.ഡി.ഒ
1-18	9,71,964	ഷക്കീല കെ., സി.ഡി.പി.ഒ
1-21	2,85,045	അജു ജോൺ മത്തായി, എ.ഡി.എ
1-22	3,69,365	2,64,360/-ശരവണൻ എൽ.ആർ., എ.ഇ& 1,05,005/-ദിലീഷ്, എ.ഇ
	35,53,043	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-22	3,693	ദിലീഷ്, എ.ഇ.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
മഞ്ജു എം.	സെക്രട്ടറി, അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്	സുധി നിവാസ്, പുന്നപ്ര, ആലപ്പുഴ
സുജ കെ.	എസ്.സി.ഡെവലപ്മെന്റ് ഓഫീസർ	കൃഷ്ണപ്രഭ, കട്ടിത്താനി, നെല്ലിമൂട്, തിരുവനന്തപുരം
ഷക്കീല കെ.	സി.ഡി.പി.ഒ	ബാരകത്ത്, മാടയ്ക്കൽ, കളപ്പുര വാർഡ്, ആലപ്പുഴ
അജു ജോൺ മത്തായി	അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ	പുളിമൂട്ടിൽ വീട്, പുതുവേലിൽ പി.ഒ., കോട്ടയം
ശരവണൻ എൽ.ആർ.	അസിസ്റ്റന്റ് എഞ്ചിനീയർ	ലക്ഷ്മീപുരം, പള്ളം, കോട്ടയം
ദിലീഷ്	അസിസ്റ്റന്റ് എഞ്ചിനീയർ	നടുവിലേത്തറ, കുമ്പളങ്ങി, കൊച്ചി

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം
1998-99 To 2000-01	എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത് 26/14/41 To 43 Dtd 03.03.2014
2003-04 To 2004-05	എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത് 26/14/46 To 47dtd 31.03.2014
2007-08 To 2010-11	എൽ.എഫ്.എ.ബി.പി./1404/12/07.02.13 Dtd.24.06.2013
2011-12, 2012-13	എൽ.എഫ്.എ.ബി.പി./1387/13/16.05.2014
2013-14	എൽ.എഫ്.എ.ബി.പി./312/2015/19.02.15/11.05.2015
2014-15, 2015-16	എൽ.എഫ്.എ.ബി.പി./226/2017/18.03.17/28.03.2017
2016-17	കെ.എസ്.എ/എ.എൽ.പി.ബി.പി/1370/2017/08.11.2017
2017-18	കെ.എസ്.എ/എ.എൽ.പി/ബി.പി-113/19
2018-19	കെ.എസ്.എ/എ.എൽ.പി/ബി.പി-120/20, 27.4.20
2019-20	കെ.എസ്.എ/എ.എൽ.പി/ബി.പി- /22, . .2022

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്